(ബി) ഇപ്പോഴത്തെ എത്രസ്ഥലത്ത് ഇവ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം ഇനി എത്രഎണ്ണം കൂടി തുടങ്ങുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്സ്. ജോൺ):

(എ) കേരളത്തിലെ ഓരോ പഞ്ചായത്തിലും രണ്ട് സ്റ്റോറുകളും വീതവും അതിനുപുറമേ ഹരിജൻ കോളനികൾക്ക് സമീപം കൂടുതലായി ഒരു സ്റ്റോറും എന്നീ നിരക്കിലാണ് സ്റ്റോറുകൾ അനുവദിക്കുന്നത്. സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ എസ്.എസ്.എൽ.സി. വരെ പഠിച്ചിട്ടുള്ളവരും, തൊഴിൽരഹിതരും മുപ്പത്തിയഞ്ച് വയസ്സിൽ കവിയാത്ത പ്രായമുള്ളവരുമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകർക്ക് മുൻഗണന നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സാധനങ്ങൾ വാങ്ങുവാൻ സൗകര്യപ്രദമായ സ്ഥലത്തായിരിക്കും സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. കേരളസ്റ്റോറിൽകൂടി വിതരണം നടത്തുന്നതിനാവശ്യമായ സാധനങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷനാണ് മൊത്തമായി സംഭരിച്ച് വിതരണം നടത്തുന്നത്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കാൻ കേരളാസ്റ്റോർ വ്യാപാരി ബാദ്ധ്യസ്ഥനാണ്. വ്യാപാരത്തിന്റെ മാനദണ്ഡമനുസരിച്ചായിരിക്കും കമ്മീഷൻ ലഭിക്കുന്നത്.

(ബി) നൂറ്റിഎഴുപത്തഞ്ച് സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ വർഷാവസാനത്തോടുകൂടി കുറഞ്ഞത് 500 സ്റ്റോറുകൾ എങ്കിലും തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പ്രക്ഷോഭണം

*36 [39] ശ്രീ. പി. സി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ അടുത്ത കാലത്തുണ്ടായ സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പ്രക്ഷോഭണം അവസാനിപ്പിക്കാൻ അവരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിന്റെ ഫലമായി എത്ര ലക്ഷം രൂപ അധികചെലവുണ്ടാകുമെന്നാണ് ഗവൺമെൻറ് കണക്കാക്കുന്നത്?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

ഉദ്ദേശം രണ്ടേകാൽ കോടി രൂപ വാർഷിക അധികച്ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ

*37 [40] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly